**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്ത് - ആശ്രയ തുടർസേവന പദ്ധതി - ചലഞ്ച് ഫണ്ടിനത്തിലുള്ള തുക -ഭേദഗതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3222/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 06/10/2017**

---

പരാമർശം (1 )19.07.2016 ലെ സ.ഉ. (സാധാ) നം.2167/2016/തസ്വഭവ ഉത്തരവ്

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.07.2017 ലെ 2346/എൽ/2002/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നന്മണ്ട ഗ്രാമപഞ്ചായത്തിലെ തുടർ സേവന പദ്ധതിക്കായി 50,000/- രൂപ ചലഞ്ച് ഫണ്ടിനത്തിൽ അനുവദിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം (2) കത്തിൽ, ചലഞ്ച് ഫണ്ട് 5 ലക്ഷം രൂപ എന്നതിനു പകരം 50,000/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും 5 ലക്ഷം രൂപ എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നന്മണ്ട ഗ്രാമപഞ്ചായത്തിലെ ആശ്രയ തുടർ സേവന പദ്ധതിക്കായി ചലഞ്ച് ഫണ്ടിനത്തിലുള്ള തുക 50,000/- എന്നതിനു പകരം 5 ലക്ഷം രൂപയായി തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പരാമർശം (1 )സർക്കാർ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നന്മണ്ട ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**